# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

# GUPS BENDICHAL

# ആമുഖം

• ( വിദ്യാലയത്തിന്റെ ചരിത്രം)

*കാസർഗോഡ് ജില്ലയിൽ തെക്കിൽ വില്ലേജിലെ ചട്ടഞ്ചാലിനു സമീപം ബെണ്ടിച്ചാൽ എന്ന ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ഗവൺമെൻറ് യു.പി സ്കൂൾ ബെണ്ടിച്ചാൽ. ഇത് 1973ലാണ് സ്ഥാപിതമായത്. ഈ പ്രദേശവാസികൾ മുഴുവനും പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിന് ഈ വിദ്യാലയത്തെയാണ് ആശ്രയിച്ചിരിക്കുന്നത്.ഒന്നു മുതൽ ഏഴ് വരെ ക്ലാസ്സുകളിലായി 200 ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നു പ്രീപ്രൈമറി, ഒന്നാം ക്ലാസ് മുതൽ ഇംഗ്ലീഷ് പഠനത്തിന് പ്രാധാന്യം, കമ്പ്യൂട്ടർ വിദ്യാഭ്യാസം, കലാകായിക പ്രവർത്തി പരിചയ പരിശീലനം തുടങ്ങി അനുബന്ധ പഠനങ്ങളിൽ പ്രാധാന്യം നൽകി എല്ലാ മേഖലകളിലും മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ഇന്ന് നമുക്ക് കഴിയുന്നുണ്ട്.*

*ഇന്ന് നമുക്ക് 9 ക്ലാസ് മുറികളും ഒരു മൾട്ടിമീഡിയ റൂം ,ലൈബ്രറി , സ്റ്റാഫ് റൂം, ഒരു ചെറിയ ഹാൾ, ഓഫീസ് റൂം, കഞ്ഞിപ്പുര, ഭക്ഷണശാല, അസംബ്ലി ഹാൾ , സ്റ്റേജ്, എന്നിവയുണ്ട്.*

*200 ഓളം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഒരു പ്രഥമാധ്യാപകനും ഒരു ഓഫീസ് അറ്റൻഡ് , അറബിക് ഹിന്ദി പ്രവൃത്തി പരിചയ പഠനം കലാപഠനം അടക്കം 17 അധ്യാപകരും ഒരു പാചക തൊഴിലാളിയും ആണുള്ളത്.*

# ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷ ത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.

2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യ ത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3. എൽ.കെ.ജി. മുതൽ 7ാം ക്ലാസ്സ് വരെ ക്ലാസ് അടിസ്ഥാനത്തിലും വിഷയാ ടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4. അധ്യാപനവും അധ്യായനവും സർഗാത്മകവും രസകരവുമാകുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ച്ചപ്പാട്

'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ച്ചപ്പാടിനെയും "വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്." എന്ന പൗലോഫ്രെയ്റയുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

പാഠ - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

ശുചിത്വം, ദയ, അനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

# പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ.

1. വികസനാവശ്യങ്ങൾ ക്ലാസ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ,

2. കരട് രൂപരേഖ SRG, SMC, PTA, MPTA, OSA, രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

3.ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

4.പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

# അക്കാദമികം - പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരിക്കേണ്ടതുണ്ട്. ക്ലാസ് ലൈബ്രറികളിൽ പുസ്തകങ്ങൾ ഉണ്ടെങ്കിലും അത് നവീകരിക്കേണ്ടതുണ്ട്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

അക്കാദമികം

•ഭാഷാ ശേഷി വികസനം

•ഗണിതശേഷി വികസനം

• ഇംഗ്ലിഷ് പഠനപരിപോഷണം

• ശാസ്ത്ര പരിപോഷണ പരിപാടി

• വായനാ പരിപോഷണം

• ലൈബ്രറി ശാക്തീകരണം

• ലബോറട്ടറി ആധുനികവത്കരണം

പ്രതിഭാ പോഷണ പരിപാടികൾ

• ജൈവ വൈവിധ്യ പാർക്ക്
പഠന യാത്രകൾ

• സെമിനാറുകൾ

•കലാ-കായികം

• അധ്യാപക ശാക്തീകരണം

• ക്ലാസ്സ് പി.ടി.എ. സജീവമാക്കാം

• സ്കൂൾ പത്രം,മാസിക

• പ്രവൃത്തി പരിചയ പഠനം

ഭൗതികം

•ചുറ്റുമതിൽ, ഗേറ്റ്

• കളിസ്ഥലം

• ചിൽഡ്രൻസ് പാർക്ക്

• ഓഫീസ് മുറി

• SSG

• സ്റ്റാഫ് മുറി

• വിശ്രമമുറി

• കമ്പ്യൂട്ടർ റൂം

• മൾട്ടി മീഡിയ റൂം

• അടുക്കള

• ഡൈനിംഗ് ഹാൾ

• അസംബ്ലി ഹാൾ

• കുടിവെള്ള വിതരണം

• മാലിന്യ സംസ്കരണം

• ലബോറട്ടറി

•ജന്മദിനത്തിനൊരു പുസ്തകം.
.(പ്രാദേശിക പി.ടി.എ.)

സാമൂഹികം

•പി.ടി.എ. ശക്തിപ്പെടുത്തൽ

•SMC കാര്യക്ഷമമാക്കൽ

• വിദ്യാലയ വിസകന സമിതി

•പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം

•ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ സന്നദ്ധ സംഘടകൾ വിദ്യഭ്യാസ പ്രവർത്തകർ പൂർവ്വാധ്യാപകർ സഹകരണ സ്ഥാപനങ്ങൾ വ്യവ സായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.

•പ്രാദേശിക പി.ടി.എ.

•ഭവന സന്ദർശനം

•ക്ലാസ് പി.ടി.എ. മാധ്യക ചരമാക്കുന്നതിനുള്ള നടപടികൾ.

•വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | **നിശാഗന്ധി- ജൈവവൈവിധ്യ പാർക്ക്** ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മരങ്ങൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്. | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര.** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ, സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പാടങ്ങളെ അറിയാൻ യാത്രകൾ. | സെപ്റ്റംബർ. | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| Provides oppor-tunities to listen English correctly and speak it easily. | • Meet the Foreigner! Provides an opportunity to communicate native speakers. | Once in year. | English club. |
| Increases the confidence in English lan-guage. | • The Grand Camp. That involves English speaking parents other individuals from the community creating an English Environment | The end of the year | English club. |
| | • Story Telling and Story writing. For class 5 Roleplay, class 6 Drama, class 7 Story writing & Poetry Recitation | " | " |
| | • Documentary presentation | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| ക്രമീകൃത രീതിയിൽ മലയാളം ലിപികൾ രക്ഷിതാക്കളുടെ സഹായത്തോടെ ഉറപ്പിക്കുന്നു. | • ചിത്രകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു. | സെപ്തംബർ | രക്ഷിതാക്കൾ | രക്ഷിതാക്കൾ |
| ഗണിതശേഷികൾ കൈവരിക്കുന്നതിനു ഗണിതത്തോട് താത്പര്യം ജനിപ്പിക്കുന്നതിനും വേണ്ടി. | ഗണിത ഉപകരണം തയ്യാറാക്കൽ | ജനുവരി | അധ്യാപികയും രക്ഷിതാക്കളും | രക്ഷിതാക്കൾ |
| · Short descriptions of familiar objects/persons · | Picture description | June to march. | Teacher. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അംഗീകൃത രീതിയിൽ ചെറിയ ലിപികൾ രക്ഷിതാക്കളുടെ സഹായത്തോടെ ഉറപ്പിക്കുന്നു. | • ചിത്രകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു. | സെപ്റ്റംബർ | രക്ഷിതാക്കൾ | രക്ഷിതാക്കൾ |
| ഗണിതശേഷികൾ കൈവരിക്കുന്നതിനു ഗണിതത്തോട് താൽപര്യം ജനിപ്പിക്കുന്നതിനും വേണ്ടി. | ഗണിത ഉപകരണം തയ്യാറാക്കൽ. | ജനുവരി | അധ്യാപികയും രക്ഷിതാക്കളും | രക്ഷിതാക്കൾ |
| • Short descriptions of familiar objects/persons. | Picture description | June to march. | Teacher. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| --- | --- | --- | --- |
| • അറബി ഭാഷ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ [illegible] പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴുമുള്ള വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുകയും ചെയ്യുക. | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷാഗ്രഹണത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗപ്പെടുത്തി, ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകൽ പോലെയുള്ള പ്രവർത്തനങ്ങൾ. | 3 മാസം | കാർഡുകൾ, പുസ്തകങ്ങൾ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| --- | --- | --- | --- |
| അറബി ഭാഷാശേഷി വർധിപ്പിക്കുക.<br>പദ സമ്പത്ത് അധികരിപ്പിക്കുക. | **പുതിയ പദം പരിചയപ്പെടൽ**<br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകളും പാഠങ്ങളും പുറമെ അറബ് വാക്കുകൾ കഥാ-കവിത പുസ്തകങ്ങളിൽ നിന്നും ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു. | ജൂൺ - മാർച്ച്. | പുസ്തകങ്ങൾ, കാർഡുകൾ, സി.ഡികൾ. |

| | | | | |
|---|---|---|---|---|
| | 2. പാഠപുസ്തകങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം.<br>3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു.<br>ഒഴിവ് വേളകളിൽ അധികപ്രവർത്തനങ്ങൾ നൽകാം. | | |
| ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു. | 1. പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ.<br>നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു. | വീടുകളിലും സന്ദർഭത്തിനനുസരിച്ച് പറഞ്ഞു ശീലിക്കാൻ. | CPTA | Aug<br>Sept<br>Octob<br>Nov |
| കവിത കേട്ട് ആസ്വദിക്കുന്നു. | പാഠപുസ്തകത്തിലെ കവിതകൾ | വലിയ കഥാകവിത പുസ്തകങ്ങൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു. | CPTA | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയവിനിമയം നടത്താനും പ്രയോഗങ്ങൾ വഴി ജ്ഞാനം പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം : പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാവിവരണം) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | ഭാഷാമധുരി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യങ്ങളിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ | മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | വാർത്താലോകത്തേക്ക്: പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി വളർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| | വാർത്താ വായന: നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിവാരം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| സാഹിത്യ കൃതികളും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം/മുഖാമുഖം: സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണങ്ങളും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് തവണ | ഹെഡ്മാസ്റ്റർ, മലയാളം അധ്യാപകർ | പി.ടി.എ |
| മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | ഇ-കമ്പ്യൂട്ടിംഗ്: മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * വ്യത്യസ്ത ഭക്ഷണ പദാർത്ഥങ്ങളെയും അവയുടെ രുചികളെയും കുറിച്ച് മനസ്സിലാക്കുന്നു. | പലഹാരമേള:- * വ്യത്യസ്ത ഭക്ഷണ പദാർത്ഥങ്ങൾ ഓരോ കുട്ടിയും ഓരോന്നു വീതം തയ്യാറാക്കി കൊണ്ടു വരികയും അത് പ്രദർശിപ്പിക്കുകയും രുചിച്ചു നോക്കാൻ എല്ലാവർക്കും നൽകുകയും ചെയ്യുന്നു. | ഒക്ടോബർ | CPTA | രക്ഷിതാക്കളും, അധ്യാപികയും ചേർന്ന് നിർവഹിക്കുന്നു. |
| * പാട്ടിന്റെ ഈണം കണ്ടെത്തി ആശയവും താളവും ഉൾപ്പെടുത്തി ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു. | പാട്ടരങ്ങ്:- * ഇതുവരെ പാഠഭാഗത്തുനിന്നും പഠിച്ച പാട്ടുകൾ ഈണത്തിലും താളത്തിലും ഒറ്റയ്ക്കും സംഘമായും പാടി അവതരിപ്പിക്കുന്നു. * പാട്ടരങ്ങിന് ആവശ്യമായ സംഗീത ഉപകരണങ്ങൾ സജ്ജീകരിപ്പിക്കുകയും നിർമ്മിക്കുകയും ചെയ്യുന്നു. | മാർച്ച് | അധ്യാപികയും ഗ്രൂപ്പ് ലീഡർമാരും. | രക്ഷിതാക്കളും അധ്യാപികയും ചേർന്ന്. |

മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. 5, 6, 7 ക്ലാസ് അക്ഷരജ്ഞാനം ഉറപ്പിക്കൽ ഹിന്ദി 5ാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പരിപ്പെടുത്തുക. | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2. ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി തയ്യ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3. ഹിന്ദി സംസാരം. ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവു- | ഹിന്ദി മാത്രം വിക്കവാനും ക്ലാസ്സുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദി- | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭംഗിയുള്ള രീതിയിൽ വലുപ്പം ലിപികൾ രക്ഷിതാക്കളുടെ സഹായത്തോടെ ഉറപ്പുവരുത്തുന്നു. | • ചിത്രകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു. | സെപ്തംബർ | രക്ഷിതാക്കൾ | രക്ഷിതാക്കൾ |
| ഗണിതശേഷികൾ കൈവരിക്കുന്നതിനു ഗണിതത്തോട് താൽപര്യം ജനിപ്പിക്കുന്നതിനും വേണ്ടി. | ഗണിത ഉപകരണം തയ്യാറാക്കൽ | ജനുവരി | അധ്യാപികയും രക്ഷിതാക്കളും | രക്ഷിതാക്കൾ |
| • Short descriptions of familiar objects/ persons. | Picture description | June to march. | Teacher. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| Provides oppor-tunities to listen English correctly and speak it easily. | • Meet the Foreigner! Provides an opportunity to communicate native speakers. | Once in year. | English club. |
| Increases the confidence in English lan-guage. | • The Grand Camp. That involves English speaking parents other individuals from the community creating an English Environment | The end of the year | English club. |
| | • Story Telling and Story writing. For class 5 Roleplay, class 6 Drama, class 7 Story writing & Poetry Recitation | " | " |
| | . Documentary Presentation | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | **നിശാഗന്ധി- ജൈവവൈവിധ്യ പാർക്ക്** ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്. | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര.** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ, സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പാടങ്ങളെ അറിയാൻ യാത്രകൾ. | സെപ്റ്റംബർ. | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, ഹെൽത്ത് ക്ലബ്. | രക്ഷിതാക്കൾ |

# ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം (1-1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു ) | കാർഡുകളി | • സംഖ്യകൾ എഴുതിയ കാർഡ് കുട്ടികൾക്ക് നൽകുന്നു. <br>• കിട്ടിയ സംഖ്യ വായിക്കുന്നു <br>• 2 കുട്ടികളുടെ കാർഡുകൾ തമ്മിൽ കൂട്ടുന്നു ആയിരം കിട്ടുന്നത് വരെ. | 1 ആഴ്ച |
| | • 10 ചങ്ങാതിമാർ | • സംഖ്യ നറുക്കെടുക്കുന്നു <br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതുന്നു | ജൂൺ - ജൂലൈ |
| | പാറ്റേൺ പൂർത്തിയാക്കാം | • വിവിധ സംഖ്യപാറ്റേൺ പൂർത്തിയാക്കൽ | ജൂൺ - സെപ്റ്റംബർ |
| | ക്രമത്തിലാക്കാം | • വ്യത്യസ്ത സംഖ്യകൾ നൽകുന്നു <br>• ആരോഹണക്രമം അവരോഹണക്രമം എഴുതാം. | ജൂൺ - സെപ്റ്റംബർ |

ൻ

| | | | |
|---|---|---|---|
| | ലൈബ്രറി | ◆ വായനാ കുറിപ്പ് | മാ |
| | | | |

# ENGLISH

| Learning outcomes | Activities | Activity Details | Duration |
|---|---|---|---|
| Describes the pictures | Picture Description | ■ The teacher shows a picture.<br>■ Discussion.<br>■ The children talk about the picture.<br>■ Slow learners Give opportunity to express their idea in malayalam. | June to August |
| Arranges word in alphabetical order. | Dictionary | • Introducing the dictionary.<br>• Give words.<br>• Arranging words in alphabetical order . | July to March |
| Add more exchanges to the conversation suitable to the context. | conversation | • Reading the conversation.<br>• Conversation is acting with friends.<br>• Add more exchanges to the conversation. | July to March |
| Identifies rhyming words from the poem. | Rhyming words | • Plays the audio of the song .<br>• Let the learners sing after the audio .<br>• Discussion.<br>• Identifies rhyming words. | July to September |
| [illegible] | [illegible] | • Plays the audio of the [illegible] | [illegible] |

# പ്രതീക്ഷിത നേട്ടങ്ങൾ

• ശിശു സൗഹൃദ ആയ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു

•'സ്കൂൾ സമൂഹത്തിൽ' എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു

• വിദ്യാലയ
പ്രവേശന നിരക്ക് വർദ്ധിക്കുന്നു

• മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ് ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും ആയ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം അതിനാൽ കേരളത്തിൻറെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത് നാട്യങ്ങൾ ഏതുമില്ലാത്ത നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു